ഗദ്യ കവിത

# ഒരു കവിയുടെ വിലാപം

വാസുദേവ് പുളിക്കൽ

കവിതയെഴുതാനുള്ളൊരാവേശവുമായ്
കാവ്യാംഗനയെ ധ്യാനിച്ചിരുന്നു കവി.
സൗന്ദര്യറാണി ചാരത്തണഞ്ഞപ്പോൾ
മാദകസൗന്ദര്യത്തിൽ മയങ്ങിയ കവി
അവളെ വാരുപ്പുണരാൻ കൈകൾ നീട്ടവേ
കാവ്യാംഗന കുതറിമാറിയകന്നു നിന്നു.
കാമാന്ധനായ് വീണ്ടും കവിയടുത്തപ്പോൾ
കവിയെ തള്ളി മാറ്റിയവൾ നടന്നകന്നു.
എങ്ങോ മറഞ്ഞവൾ പിൻവിളി കേൾക്കാതെ.
നിരാശനായ് തപ്തമാനസനായ് കവി
ചെയ്തോരവിവേകത്തെ പഴിച്ചിരുന്നു.

പേനയെടുത്ത് കവി കാവ്യാംഗന തൻ
കനിവിനായ് വീണ്ടും കാത്തിരുന്നപ്പോൾ
കവിയുടെ ഹൃദയത്തിലവൾ മന്ത്രിച്ചതിങ്ങനെ:
കവേ, ബാഹ്യസൗന്ദര്യത്തിന്നടിമയാകാതെ
ആത്മസംയമനത്തിന്നേകാഗ്രതയിൽ മുഴുകി
കവിത കുറിക്കൂ, ഞാനെത്തിടാമനുഗ്രഹവുമായ്.
എന്നാലവൾ വന്നില്ല കവിയുടെ മുന്നിൽ വീണ്ടും.

കവ്യാംഗനയുടെ അഭാവത്തിൽ
കവിയുടെ ഭാവനകൾ മങ്ങുന്നു
ദുഃഖിതനായ് പേന മടക്കി കവി.
സ്വയം ജ്വലിപ്പിച്ച തീക്കനലിൽ
എരിഞ്ഞുവല്ലോയെന്നഭിലാഷങ്ങൾ.
കവിയുടെ വിലാപത്തിൻ ധ്വനികൾ
അന്തരീക്ഷത്തിൽ അലയടിച്ചപ്പോൾ
ജനമിതറിയുമല്ലോ എന്ന ചിന്ത
ദുഃഖത്തിലാഴ്ത്തി കവിയെ വീണ്ടും.
അപമാനത്തിൻ ഭാരം ചുമക്കണമല്ലോ
എന്ന് വിലാപം തുടർന്നു കവി.